**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **02-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വായ്പ പരിധി ഉയർത്തി കിട്ടുന്നതിനായി കെ.എസ്.ഇ.ബി. യെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമാണോ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടി എന്ന് വ്യക്തമാക്കുമോ; | (എ) | സ്മാർട്ട് മീറ്റർ സ്ഥാപനം സ്വകാര്യവത്കരണത്തിന്റെ ഭാഗമല്ല. പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ മാത്രമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉപഭോക്താക്കളുടെ ഡാറ്റ, വൈദ്യുതി ചാർജ്ജ്, മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് നിലവിൽ കെ.എസ്.ഇ.ബി.എൽ. ൽ ഉള്ള സുരക്ഷാ സംവിധാനങ്ങൾ അതേപടി പാലിക്ക-പ്പെടുന്നതാണ്. റവന്യൂ വരവ് പൂർണ്ണമായും സ്മാർട്ട് മീറ്റർ പേയ്മെന്റ് ആപ്പ്/ഓൺലൈൻ വഴി കെ.എസ്.ഇ.ബി.എൽ. അക്കൗണ്ടിലാണ് എത്തിച്ചേരുന്നത്. ഇതിൽ സ്വകാര്യവൽക്കരണം വിഭാവനം ചെയ്തിട്ടില്ല. |
| (ബി) | കെ.എസ്.ഇ.ബി. യെയും ഉപഭോക്താക്കളെയും ഈ തീരുമാനം ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ നും ദോഷകരമായി ബാധിക്കാത്ത രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ